FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ

HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)

21 SEPTEMBER 2018

(11 MUHARRAM 1440 AH)

# "THE BELIEFS OF THE SHIITES."
# "ഷിയാക്കളുടെ വിശ്വാസങ്ങൾ".

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വസലാമിനു ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ഷിയാക്കളുടെ വിശ്വാസങ്ങൾ** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

എല്ലാ വർഷവും, മുഹർറ മാസത്തിൽ അനേകം മുസ്ലിംകൾ ഇമാം ഹുസൈൻ(റ)വിന്റെ മരണത്തിൽ ദുഃഖം ആചരിക്കുന്നുണ്ട്. ഇസ്ലാമിന് നിരക്കാത്ത അനേകം കാര്യങ്ങൾ സംഘടിപ്പിക്കുകയും, ആചരിക്കുകയും ചെയ്യുന്നുണ്ട്, മുഹർറ മാസത്തിലെ ആദ്യത്തെ പത്തു ദിവസങ്ങളിൽ!

## 1. വിശിഷ്യാ ദർഗ്ഗാ വിഷയവുമായി

മുഹർറ മാസത്തിൽ ദർഗ്ഗ കച്ചവടം പൊടിപൊടിക്കുന്നുണ്ട്. ജനങ്ങൾ അവരുടെ ധനം ദർഗ്ഗകളിൽ വെറുതേ ചെലവഴിച്ചു കളയുന്നു. ദർഗ്ഗകളിൽ അവരുടെ സമയം നഷ്ടപ്പെടുത്തിക്കളയുന്നു. അങ്ങനെ അവർ ഏറ്റവും വലിയ പാപത്തിൽ അകപ്പെടുന്നു. അതായത് ശിർക്കിൽ അകപ്പെടുന്നു.

ഒരു നിരന്ന ഇരുമ്പ് ഷീറ്റിൽ നിന്നും മുറിച്ചെടുത്ത അഞ്ച് വിരലുകളുടെ മുമ്പിൽ അവർ പ്രാർത്ഥനയ്ക്കായി വരുന്നു. അതെല്ലാം അവരുടെ മുൻപിൽ അവർ വെയ്ക്കുന്നു. എന്നിട്ട് മണ്ണുകൊണ്ടുള്ള ഒരു വിളക്ക് കത്തിക്കുന്നു. മണ്ണുകൊണ്ടുള്ള വിളക്കിനെ മുസ്ലിംകൾ ആരാധിക്കുമോ? അല്ല! അവരുടെ വിശ്വാസം എവിടെപോയി? അവർ പഞ്ചസാര കൊണ്ടു വരുന്നു. എന്നിട്ട് ഒരു കരിങ്കോഴിയെ കൊല്ലുന്നു അതെല്ലാം ദർഗ്ഗയിൽ സമർപ്പിക്കുവാനയിട്ടാണ് അവർ വരുന്നത്. ഈ ആചാരങ്ങളൊന്നും തന്നെ ഇസ്ലാമിന്റെ ഭാഗങ്ങളല്ല. ഇതൊന്നും തന്നെ ഇസ്ലാമിൽ നിലനിന്നതുമല്ല. മുഹർറ മാസത്തിൽ ദർഗ്ഗയിൽ ചുവന്നതും പച്ചയായതുമായ വസ്ത്രങ്ങൾ നല്കാമെന്ന് ആളുകൾ നേർച്ചയാക്കുന്നുണ്ട്. അവരുടെ ആഗ്രഹങ്ങൾ, പദ്ധതി

കൾ, ജോലികൾ പൂർത്തായായൽ (വിശിഷ്യാ മക്കളില്ലാത്ത രക്ഷകർത്താക്കൾ ഇത്തരം നേർച്ചകൾ നേരാറുണ്ട്)

## ഗൂൺ വിഷയം

ഈ ആചാരത്തിന് ഇസ്‌ലാമിൽ യാതൊരു പങ്കുമില്ല. ഏതു രീതിയിലായാലും ശരി ഇത്തരം ആചാരങ്ങളിൽ പങ്കെടുക്കുന്നത് സമ്പൂർണ്ണമായും നിരോധിച്ചിട്ടുള്ളതാകുന്നു. ഉദാഹരണമായി പണം കൊടുക്കുക, കൊടി ഉയർത്തുക, പണം ശേഖരിക്കുക, പിരിക്കുക, മർഫ കൊട്ടുക (അതായത് ദഫ്ഫ് മുട്ടി, സംഗീതാലാപനം നടത്തുക) ഗൂൺ ഉയർത്തുക, ഗൂൺ വലിക്കുക തുടങ്ങിയവ. വാതിൽ തോറും വരുമ്പോൾ ഗൂണിൽ പങ്കെടുക്കുന്നവർക്ക് പണം കൊടുക്കുക. ഇതിന് മൗറിഷ്യസിൽ പറയുന്നത് രാമസ്സെ പവലിയൻ (കൊടിശേഖരണവും പണം പിരിക്കലും) എന്നാകുന്നു.

ഇത്തരം ആചാരങ്ങളിൽ മുഴുകുന്നതുമൂലം, അവർ ഇമാം ഹുസൈൻ (റ) വിന്റെ യഥാർത്ഥ ത്യാഗത്തെ വിസ്മരിച്ചിരിക്കുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് അവർ പൂർണ്ണമായും വിസ്മൃതിയിലാകുന്നു. ഇമാം ഹുസൈൻ (റ) അധികാരത്തിനു വേണ്ടി പോരാടിയിരുന്നോ? അദ്ദേഹം ഒരിക്കലും ഒരു അധികാരമോഹി ആയിരുന്നില്ല. ഇന്ന്, ഇസ്ലാമിക ലോകത്ത് രാജ്യങ്ങളും ഭരണകൂടങ്ങളുമുണ്ട്, ഇന്നും രാജാക്കന്മാർ ഭരിക്കുന്ന രാഷ്ട്രങ്ങൾ (ഉദാഹരണത്തിന് സൗദിഅറേബ്യ തുടങ്ങിയ രാജ്യങ്ങൾ) ഇത്തരം ചില രാജ്യങ്ങളിൽ പണം കൊടുത്ത് അവിടുത്തെ ജനതയുടെ നിശബ്ദത വിലയ്ക്കു വാങ്ങിയിരിക്കുകയാണ്. അതുകൊണ്ട് അവർ ഒരു അനീതിയും, കുഴപ്പവും പീഢനവും അങ്ങനെയുള്ള കാര്യങ്ങളൊന്നും തള്ളി പറയുകയില്ല. ഈ രാജ്യങ്ങളിൽ ഇതൊക്കെ നടന്നുകൊണ്ടിരിക്കുകയാണ്

ഈ രാജ്യങ്ങളിൽ, ചിലർ പൂർണ്ണമായും കീഴടങ്ങി കഴിയുന്നു. (അതായത്, അവിടെ നടക്കുന്ന എല്ലാ അനീതിക്കെതിരേയും അന്ധത നടിച്ചു കഴിയുക) എന്നാൽ അനേകർ ഉണരുകയും, അത് തങ്ങളുടെ ജീവിതത്തിൽ പ്രകടിപ്പിക്കുകയും പ്രസ്തുത അനീതിക്കും, കുഴപ്പത്തിനുമെതിരിൽ പോരാടുകയും പ്രസ്തുത പോരാട്ടത്തിൽ അവർ മരിക്കുകയും ചെയ്യുന്നു. ഇമാം ഹുസൈൻ (റ)ന്റെ കാര്യത്തിലും ഇതാണ് സംഭവിച്ചത്. അവർ കുറച്ചുപേരെ ഉണ്ടായിരുന്നുള്ളുവെങ്കിലും, (അതായത് അദ്ദേഹവും അദ്ദേഹത്തിന്റെ അനുചരന്മാരും, കുടുംബവും പോരാടുകതന്നെ ചെയ്തു. ഇസ്ലാമിന്റെ മഹത്തായ തത്വങ്ങൾ പുനഃസ്ഥാപിക്കുവാനായി അതിനോട് ജനങ്ങൾ പൂർണ്ണമായും അനുസരണയുള്ളവരായി തീരാൻ വേണ്ടി! മനസ്സിൽ ഈ ലക്ഷ്യം വെച്ചു കൊണ്ടായിരിന്നു ഇമാം ഹുസൈൻ(റ) പോരാടിയതും അദ്ദേഹവും

അദ്ദേഹത്തിന്റെ കുടുംഹവും രക്തസാക്ഷികളായി തീർന്നതും! (അല്ലാഹുവിന്റെ മാർഗത്തിൽ അഹ്ലെബൈത്തിന്റെ പോരാട്ടം)

ഒരു യഥാർത്ഥ മുസ്ലിം ഇത്തരം സംഭവത്തെ, ഒരു സാധാരണ സംഭവമായി അവൻ ഒരിക്കലും കാണുകയില്ല. ഇത്തരം ദുഃഖപരമായ അന്ത്യത്തിൽ അവന് സന്തോഷിക്കുവാൻ ഒരിക്കലും കഴിയുകയില്ല. ഇമാം ഹുസൈൻ(റ)ന്റെ രക്തസാക്ഷ്യത്വത്തിൽ നാം ഓരോരുത്തരും പാഠം ഉൾക്കൊള്ളേണ്ടതുണ്ട്.

ചില സ്ഥലങ്ങളിൽ, വലിയ മജ്ലിസുകളിൽ അനേകം പ്രസംഗങ്ങൾ നടത്തപ്പെടുന്നുണ്ട്, വിശിഷ്യാ ഇമാം ഹുസൈൻ(റ) ന്റെ രക്തസാക്ഷിത്വത്തെക്കുറിച്ച്, അതിൽ ചില പ്രസംഗങ്ങൾ സത്യത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ്. എന്നാൽ മറ്റനേകം വ്യാജനിർമ്മിതികളാണ്. അതിന്റെ ഉറവിടം അജ്ഞാതമാണ്. അതുകൊണ്ട് തന്നെ ഏതു വിശ്വസിക്കണം ഏതു വിശ്വസിക്കേണ്ട എന്ന കാര്യത്തിൽ ആളുകൾ ഇരുട്ടിൽ തപ്പുകയാണ്. പ്രസ്തുത സമ്മേളനാനന്തരം, സദസ്സ് തറപ്പിച്ചു പറയുന്നു പ്രസ്തുത പ്രസംഗം അവരെ ആഴത്തിൽ സ്പർശിച്ചു, അവർ സംഭവം കേട്ട് ദുഃഖിതരായി തീർന്നിരിക്കുന്നു. അത്ര തന്നെ! ഇമാം ഹുസൈൻ(റ)ന്റെ രക്തസാക്ഷിത്വത്തെക്കുറിച്ച് കേൾക്കുക എന്നതുമാത്രമായിരുന്നുവോ നിങ്ങളുടെ ലക്ഷ്യം എന്നിട്ട് ദുഃഖിതരായി തീരുക മാത്രം (ഇസ്ലാമികമായി മറ്റൊന്നും തന്നെ ചെയ്യാനില്ല) അല്ലെങ്കിൽ കേക്ക് വിതരണം ചെയ്യുക, അതുമല്ലെങ്കിൽ ദർഗ്ഗയിൽ നിന്ന് വെള്ളം ശേഖരിക്കുക (മരണപ്പെട്ടവരുടെ സ്ഥലത്ത് നിന്ന്) ഇതുമാത്രമാണോ നിങ്ങൾ ചെയ്യേണ്ടത്? ഇമാം ഹുസൈൻ(റ) ന്റെ ജീവിതത്തിൽ നിന്നും നാം പഠിക്കേണ്ട പ്രാധാനപ്പെട്ട പാഠം സമുദായത്തിൽ അനീതി അല്ലെങ്കിൽ വഞ്ചന അല്ലെങ്കിൽ തിന്മ പ്രത്യക്ഷപ്പെടുമ്പോൾ, നാം അതിനെതിരായി നിലകൊള്ളേണ്ടതാണ്. നാം വളരെ കുറച്ചു പേർ മാത്രമെ ഉള്ളുവെങ്കിലും! അല്ലാഹുവിന്റെ സ്ഥാപിത നിയമം വീണ്ടുക്കുവാനായി ആരാണോ പോരാടുന്നത്, അവനോടൊപ്പം അല്ലാഹു(ത) ഉണ്ടായിരിക്കും. ആയതിനാൽ നിങ്ങളതു ചെയ്യണം ഭൂമിയിൽ അവന്റെ നിയമം നടപ്പിലാക്കുവാൻ ശ്രമിക്കുന്നവരോടൊപ്പമാണ് അല്ലാഹു(ത). ഇമാംഹുസൈൻ(റ) നമുക്കെല്ലാവർക്കുമുള്ള, പോരാട്ട മാതൃകാ പുരുഷനാണ്.

ഹുസൈൻ(റ) ന്റെ ജീവിതത്തെ പറ്റി സംസാരിക്കുമ്പോൾ, ശിയാക്കളെയും അവരുടെ വിശ്വാസത്തെപ്പറ്റിയും സംസാരിക്കാതിരിക്കുന്നത് ഒരു തെറ്റു തന്നെയാണ്. ശിയാക്കളുടെ വിശ്വാസം അതായത് മുഹമ്മദ് മുസ്തഫ(സ) യുടെ വഫാത്തിന് ശേഷം, ലോകാവസാനം വരെ അല്ലാഹു(ത) 12

ഇമാമീങ്ങളെയാണ് നിശ്ചയിച്ചിരിക്കുന്നത്. അതനുസിച്ച് പ്രഥമഇമാം അലി (റ) ആകുന്നു. രണ്ടാമത്തേത്, അദ്ദേഹത്തിന്റെ മകൻ ഇമാം ഹസ്സൻ(റ) ആകുന്നു. മൂന്നാമത്തേത് ഇമാം ഹുസൈൻ(റ) ആകുന്നു. ബാക്കിയുള്ള ഒൻപത് ഇമാമീങ്ങൾ അവരുടെ രക്തബന്ധത്തിലൂടെ ഉണ്ടാകുന്നതാണ്.

ഒന്നാമത്തെ ഇമാം (അതായത് അലി) മുതൽ പതിനൊന്നാമത്തെ ഇമാം (ഹസ്സൻ അസ്ക്കരി) വരെ എല്ലാവരും പ്രകൃതി അനുസരണമായ നിലയിലുള്ള മരണം വരിയ്ക്കുകയുണ്ടായി, മറ്റു മനുഷ്യർ മരണപ്പെടുന്നതു പോലെ! പന്ത്രണ്ടാമത്തെ ഇമാം ഹസ്സൻഅസ്ക്കരിയുടെ പുത്രൻ,യുവാവായിരിക്കെ അത്ഭുതകരമായ നിലയിൽ അപ്രത്യക്ഷമാവുകയുണ്ടായി എന്നിട്ട് അദ്ദേഹം ഒരു ഗുഹയിൽ മറഞ്ഞിരിക്കുകയാണ്. ലോകാവസാനം വരെയും, ശിയാക്കളുടെ അഭിപ്രായമനുസരിച്ച്, ഈ ലോകത്തെ ഭരിക്കാനുള്ള സമ്പൂർണ്ണ അവകാശം അദ്ദേഹത്തിന് മാത്രമാണുള്ളത്. ഇമാമത്തിലുള്ള വിശ്വാസം ശിയാക്കളെ സംബന്ധിച്ചിടത്തോളം നിർബന്ധ (ഫർസ്) മാകുന്നു. അപ്രകാരം വിശ്വസിക്കാതിരുന്നാൽ, അവന്റെ വിശ്രമസ്ഥലം, നരകമായിരിക്കുന്നതാണ്. അവരുടെ ഒരു പുസ്തകത്തിൽ, അൽകാഫിലയിൽ ഭൂമി അതായത് ലോകം ഒരു ഇമാമില്ലാതെ നിലനില്ക്കേണ്ടി വന്നാൽ, അത് മുങ്ങിപോകുന്നതാണ്. ഈ പുസ്തക പ്രകാരം ശിയാക്കളുടെ ഇമാമീങ്ങളെ തെരഞ്ഞെടുക്കുന്നത് അല്ലാഹു(ത) ആകുന്നു. അല്ലാഹു(ത) പ്രവാചകന്മാരെ തെരഞ്ഞെടുക്കുന്നതുപോലെ.

## ശിയാ വിഭാഗത്തിന്റെ ഉല്പത്തി

ശിയ, സ്വയമേവതന്നെ, ഒരു മതമല്ല. അത് ഇസ്ലാമിലെ ഒരു വിഭാഗമാണ്. ഉമർ(റ) ന്റെ രക്തസാക്ഷിത്വത്തെ തുടർന്ന്, ഉസ്മാൻ(റ) ന്റെ ഖിലാഫത്തിന്റെ സമയത്ത്, ഇസ്ലാം അറേബ്യയ്ക്ക് പുറത്തുള്ള അനേകം രാജ്യങ്ങളിൽ, പ്രബോധിക്കുകയുണ്ടായി. പേർഷ്യ തുടങ്ങിയ രാജ്യങ്ങളിൽ! ആ സമയത്ത് അനേകം ആളുകൾ ഇസ്ലാം സ്വീകരിക്കുകയുണ്ടായി. അനേകർ ആത്മാർത്ഥമായി ഇസ്ലാം ആശ്ലേഷിക്കുകയുണ്ടായി. എന്നാൽ അതോടൊപ്പം അനേകർ കാപട്യമാനസരായിട്ടാണ് അതിൽ പ്രവേശിച്ചത്. അതിൽ യമനിലെ ഒരു ദൈവശാസ്ത്ര നിപുണൻ, അബ്ദുല്ലാഇബ്ന്സബയും ഉൾപ്പെട്ടിരുന്നു. ഉസ്മാൻ(റ) ന്റെ ഖിലാഫത്ത് കാലത്ത് അദ്ദേഹം ഇസ്ലാം മതം സ്വീകരിച്ചത്. ഇസ്ലാം ആശ്ലേഷിച്ചതിന്റെ യഥാർത്ഥ ഉദ്ദേശ്യം ഇസ്ലാമിനകത്ത് കുത്തിത്തിരുപ്പ് ഉണ്ടാക്കുവാനും, വിഭാഗീയത സൃഷ്ടിക്കുവാനുമായിരുന്നു. വിപ്ലവമുണ്ടാക്കുവാൻ അവന്റെ പദ്ധതികൾ നടപ്പിലാക്കാൻ അവൻ മദീനയിലെത്തി, എന്നാൽ വളരെ ബുദ്ധിമാന്മാരായ ആളുകൾ

അവിടെ ധാരാളമുണ്ടായിരുന്നതിനാൽ, അവന്റെ പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞില്ല. അവിടെ നടക്കാതെ പോയ അവന്റെ പദ്ധതി ബസറയിൽ പരീക്ഷിച്ചു. അതേതുടർന്ന് സിറിയയിലും, എന്നാൽ അവിടെയും അവൻ പരാജയപ്പെടുകയുണ്ടായി. ഒടുവിൽ അവൻ ഈജിപ്റ്റിലെത്തി. ജനങ്ങളെ കബളിപ്പിക്കുന്നതിൽ വിജയിക്കുകയും അവരെ ബോധ്യപ്പെടുത്തുകയും ചെയ്തു. അതിശയോക്തിപരമായി അവൻ അലി(റ) ന്റെ മഹത്വത്തെ പ്രകീർത്തിക്കുവാൻ തുടങ്ങി. പരിശുദ്ധപ്രവാചകൻ മുഹമ്മദ്(സ) യുടെ വഫാത്തിന് ശേഷം അലി(റ) ആയിരുന്നു പിൻഗാമിയായി വരേണ്ടത്. അവന്റെ അഭിപ്രായമനുസരിച്ച് (മുൻപ് അവനൊരു ജൂതനായിരുന്നുവല്ലോ)

അല്ലാഹുവിന്റെ പ്രവാചകനായ മുഹമ്മദ്(സ) യ്ക്കു ശേഷം ഹസ്രത് അലി(റ) ആണ് പിൻഗാമിയായി വരേണ്ടതെന്ന് തോറയിൽ പ്രതിപാദിച്ചിരുന്നു എന്നവൻ പ്രചരിപ്പിക്കുകയുണ്ടായി. എന്നാൽ അബൂബക്കറും, ഉമറും, ഉസ്മാനും അദ്ദേഹത്തിന്റെ അവകാശത്തെ കവർന്നെടുക്കുകയാണ് ചെയ്തത്! ഉസ്മാൻ(റ) ന് എതിരിൽ അവൻ ജനങ്ങളെ ഇളക്കി. ഉസ്മാൻ (റ)ന് എതിരിൽ ഒരു സൈന്യത്തെ രൂപികരിച്ചു. അവന്റെ തന്നെ നേതൃത്വത്തിൽ! മദീനയിലേക്ക് പുറപ്പെട്ടു. അങ്ങനെ ഉസ്മാൻ(റ) നെ വധിക്കുന്നതിൽ അവൻ വിജയിച്ചു. ഉസ്മാൻ(റ) ന് ശേഷം ഹസ്രത് അലി(റ) നെ ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. ഹസ്രത് അലി(റ) ന്റെ ഖിലാഫത്ത് സമയത്ത് ജമൽ യുദ്ധവും സിഫ്ഫീൻ യുദ്ധവും നടന്നു. ഇബ്ന്സബായുടെ സംഘം അലി(റ)ന്റെ അണിയിൽ ചേർന്നു. ഇബ്നുസബാ ഈ അവസരം അലി(റ)ന്റെ മേൽ വളരെ ആക്ഷേപങ്ങൾ ചൊരിയുവാൻ ഉപയോഗപ്പെടുത്തി. ഹസ്രത് അലി(റ)ന്റെ സൈന്യത്തിലായിരിക്കുമ്പോൾ അവൻ അവന്റേതായ നിലയിൽ ഹസ്രത് അലി(റ)ന്റെ മേൽ തെറ്റായ കാര്യങ്ങൾ പ്രചരിപ്പിക്കുവാൻ, തുടങ്ങി. എത്രത്തോളമെന്നാൽ അവൻ പറഞ്ഞു ജിബ്റീൽ എന്ന മലക്ക് ദൈവം മാപ്പാക്കട്ടെ ഒരു തെറ്റു ചെയ്തു! ദൈവീക വെളിപാടുകൾ നല്കുവാൻ വന്നപ്പോൾ! ഇബ്നു സബായുടെ അഭിപ്രായത്തിൽ അലിയെ ആയിരുന്നു പ്രവാചകനാക്കേണ്ടിയിരുന്നത്. മുഹമ്മദ് (സ)നെ ആയിരുന്നില്ല പ്രവാചകനാക്കേണ്ടിയിരുന്നത്! (ദൈവം കാക്കട്ടെ)

ആയതിനാൽ സംശയലേശമന്യേ, അബ്ദുല്ലാഇബ്ന്സബായുടെ സംഘം ഷിയാ വിഭാഗത്തിന്റെ ഭാഗമായി! അബ്ദുല്ലാഇബ്ന് സബായുടെ അഭിനയ ഭാഗം, ചില ശിയാ പണ്ഢിതന്മാർ, ദൈവശാസ്ത്രജ്ഞന്മാർ, സേവകർ നിഷേധിക്കുന്നുവെങ്കിലും ശരി! എന്നാൽ പ്രസ്തുത നിഷേധത്തിന് അർത്ഥമില്ല. കാരണം സബായുടെ പേര് ശീയാക്കളുടെ പുസ്തക

ത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. അസ്മാഉർരിജാൽ എന്ന പുസ്തകത്തിൽ, റിയാൽ -ഇ-കിശീസി എന്ന ചെറു തലക്കെട്ടിൽ, ഇത് പരാമർശിച്ചിട്ടുണ്ട് അതിൽ ഇമാം ജാഫർ സാദിഖിന്റെ അഭിപ്രായ പ്രകാരം ഇബ്നുസബാ അലി(റ) ന്റെ ദൈവീകതയിൽ, അദ്ദേഹം വിശ്വസിച്ചിരുന്നു.

ശിയാക്കളുടെ വിശ്വാസപ്രകാരം, അവർ 12-ാം മത്തെ ഇമാമിന്റെ വരവിൽ വിശ്വസിക്കുന്നവരാണ്. അവരെ സംബന്ധിച്ചിടത്തോളം അത് ഇമാം മഹ്ദി ആകുന്നു. പതിനൊന്നാമത്തെ ഇമാം, ഹസൻ അസ്ക്കരി മരിച്ചപ്പോൾ, അദ്ദേഹത്തിന് സന്താനങ്ങളില്ലായിരുന്നു. പ്രസ്തുത കാര്യം അദ്ദേഹത്തിന്റെ സഹോദരൻ ജാഫർ ഇബ്ന് ആയി സ്ഥിരീകരിച്ചിട്ടുള്ളതാകുന്നു. അവരുടെ വിശ്വാസപ്രകാരം, ഒരു ഇമാമിന്റെ സ്ഥാനം അലങ്കരിക്കുന്ന ആൾ, അതിനുതൊട്ടുമുമ്പുള്ള ഇമാമിന്റെ പുത്രനായിരിക്കണം അതായത് ഒരു ഇമാമിന്റെ പുത്രനു മാത്രമെ ഇമാമാകുവാൻ സാധിക്കുകയുള്ളു.

ഇമാം ഹസ്സൻ അസ്ക്കരി മരിച്ചപ്പോൾ ഇത് ഒരു പ്രശ്നമായി. അദ്ദേഹം പുത്രനില്ലാത്ത ആളായിരുന്നു. അതിനാൽ ഇമാമിന്റെ നാലോ അഞ്ചോ വർഷം മുമ്പ്, അദ്ദേഹത്തിന് ഒരടിമ സ്ത്രീയിൽ ഒരു കുട്ടി പിറന്നിരുന്നു. പ്രസ്തുത കുട്ടിയെ മറച്ചുവെച്ചിരുന്നു. അതുകൊണ്ടു തന്നെ ആരും കണ്ട് എത്തിയതുമില്ല. ഹസ്സൻ അസ്ക്കരി മരണപ്പെടുന്നതിന് പത്തു ദിവസം മുമ്പ്, പ്രസ്തുത കുട്ടി അപ്രത്യക്ഷനായി, അവനോടൊപ്പം ഖുർആനും കൊണ്ടുപോയി (സമ്പൂർണ്ണമായ യഥാർത്ഥപതിപ്പ്) അത് എഴുതിയത് അലി(റ) ആയിരുന്നു. അതോടൊപ്പം എല്ലാ പരിശുദ്ധഗ്രന്ഥങ്ങളും അതായത് തൗറാത്ത്, ദാവീദിന്റെ സങ്കീർത്തനം, എല്ലാ പ്രവാചകന്മാരുടെയും അത്ഭുതങ്ങളടങ്ങിയ ഒരു തുകൽബാഗ് മൂസാ(അ)ന്റെ വടിയും,ആദം(അ) ന്റെ ഉടുപ്പും, സുലൈമാൻനബി(അ) ന്റെ മോതിരവും തുടങ്ങിയവയും കൊണ്ടുപോയി. പ്രസ്തുത കുട്ടി ഒരു ഗുഹയിൽ പോയി മറഞ്ഞിരിക്കുന്നു. പ്രസ്തുത ഗുഹയ്ക്ക് സുർറമൻറആ എന്നു പറയുന്നു.

ശിയാക്കളുടെ അഭിപ്രായപ്രകാരം പ്രസ്തുത കുട്ടിയാണ് അവസാനത്തെ ഇമാം. എന്നാൽ ഒരു ഇമാമില്ലാതെ ലോകത്തിന് നിലനില്പില്ല. ആയതിനാൽ പ്രസ്തുത ഇമാം ലോകാവസാനം വരെയും ജീവിക്കുന്നതാണ്. പ്രസ്തുത സമയം വരെയും അദ്ദേഹം മറഞ്ഞിരിക്കുന്നതാണ്. അദ്ദേഹം പുറത്തേക്കു വരുമ്പോൾ, അദ്ദേഹവും ലോകത്തെ ഭരിക്കുന്നതാണ്. ഷിയാ പണ്ഡിതന്റെ അഭിപ്രായപ്രകാരം, പ്രസ്തുത പണ്ഡിതന്റെ പേര് അല്ലാമ:മജ്ലിസി എന്നാകുന്നു. അദ്ദേഹം പറയുന്നു അദ്ദേഹത്തിന്റെ ഹഖുൽയഖീൽ എന്ന ഗ്രന്ഥത്തിൽ(ഇറാനിയൻ പതിപ്പ്) പേജ് 527ൽ ഇമാം

മഹദി ആഗതരാകുമ്പോൾ, അദ്ദേഹം സുന്നികളെ നശിപ്പിക്കുന്നതാണ്. പ്രസ്തുത നശീകരണം അവരുടെ (സുന്നികളുടെ) പണ്ഡിതന്മാരിൽ നിന്നാരംഭിക്കുന്നതാണ്, അതിന് ശേഷം കാഫിരീങ്ങളേയും നശിപ്പിക്കുന്നതാണ്. സമ്പൂർണ്ണമായും ശിയാക്കൾ വെറുക്കുന്ന രണ്ടു പേരാണ് അബൂബക്കർ(റ) ഉമർ(റ). ഈ രണ്ടു ഖലീഫമാർക്കും അവരുടെ കുടുംബങ്ങൾക്കും എതിരായി അവർ വളരെ മോശമായ വാക്കുകൾ ഉപയോഗിക്കുന്നു. കിതാബുറൗദ: എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ കാലിനി റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഇമാം ബക്കർ പറയുന്നതാണ് അല്ലാഹുവിന്റെയും മലക്കുകളുടെയും, മുഴുവൻ മാനവകുലത്തിന്റെയും ശാപം ഈ പറയപ്പെട്ട ഇരുവരിലും ഉണ്ടാകട്ടെ (അതായത് അബൂബക്കർ(റ)ഉമർ(റ) (പേജ്115) ദൈവം കാക്കട്ടെ!

ഖലീഫാഉമർ(റ)നോടുള്ള ശിയാക്കളുടെ ശത്രുത വളരെ വലുതായിരുന്നു. ഉമർ(റ)നെ വധിച്ചതുമായി അവർ പറയുന്നത്, അബൂലൂലൂആ അൽമജൂസി എന്നാളാകുന്നു. മതത്തില ഏറ്റവും ധീരനായവൻ എന്നാകുന്നു അയാളെ വിശേഷിപ്പിക്കുന്നത്.

ശിയാ വിഭാഗത്തിൽപ്പെട്ട അലിഇബ്ന് മതാഹിർ റിപ്പോർട്ട് ചെയ്യുന്നു. അതായത് ശിയാ വിഭാഗത്തിലെ ഒരു ശൈഖ് ആയ ഇഷാഖ് അൽഖുമ്മി അൽ അഹ്വാസ് പറഞ്ഞിരിക്കുന്നു. ഉമറിനെ കൊലപ്പെടുത്തിയ ദിവസം ഒരു ഈദാകുന്നു! സന്തോഷത്തിന്റെ ഒരു ദിനം! മഹത്വത്തിന്റെ ഒരു ദിനം! പരിശുദ്ധമായ ഒരു ദിനം! അനുഗ്രഹപ്രദായ ഒരു ദിനം! സാന്ത്വനത്തിന്റേതായ ഒരു ദിനം!

മുല്ലാ ബക്കർ മജ്ലിസി, പ്രശസ്തനായ ഒരെഴുത്തുകാരനും, ശിയാ വിഭാഗത്തിലെ ഒരു വക്താവുമായ അദ്ദേഹം, അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ ഉമർ(റ) ന്റെ പേരിനോടൊപ്പം, അദ്ദേഹം ചേർത്തു പറഞ്ഞിരിക്കുന്നത്, അദ്ദേഹത്തിന്റെ മേൽ ദൈവീക ശാപവും ശിക്ഷയും ഉണ്ടാകട്ടെ എന്നാകുന്നു. ദൈവം കാക്കട്ടെ! ഹസ്രത് ഉമർ(റ) ന്റെ കൊലപാതകിയുടെ പേര് ഷിയാക്കൾ പറയുമ്പോൾ അബൂലൂലൂആ (അദ്ദേഹത്തിന്റെ മേൽ ദൈവകൃപ ഉണ്ടാകട്ടെ) എന്ന് പ്രാർത്ഥിക്കുന്നു. ഹസ്രത് മുഹമ്മദ്(സ) യുടെ അനുചരനും ഇസ്ലാമിലെ മഹനായ ഖലീഫയുമായ ഉമർ(റ) നെ വധിച്ച ആളിന്റെ പേര് കേൾക്കുമ്പോൾ, ഒരു അക്രമിയുടെ പേര് കേൾക്കുമ്പോൾ അവർ, അവനായി പ്രാർത്ഥിക്കുന്നു. അവനെ അനുമോദിക്കുന്നു. ശിയാക്കളുടെ അഭിപ്രായത്തിൽ കഅ്ബയെക്കാൾ ശ്രേഷ്ഠമായത് കർബല ആകുന്നു. അവരുടെ ഹഖുൽയക്കീൻ എന്ന ഗ്രന്ഥത്തിൽ പേജ് 360ൽ

അല്ലാമാ ബക്കർമജ്ലിസി, ഇമാം ജാഫർ സാദിഖ് പറഞ്ഞതായി ഒരു സംഭവം വിവരിക്കുന്നു. കഅ്ബയെ നിശ്ശബ്ദമായിരിക്കാൻ അല്ലാഹു കല്പിച്ചു എന്നും, കർബലയെക്കാൾ പ്രാധാന്യമുള്ളതാണ് കഅ്ബ എന്ന് പ്രഖ്യാപിക്കുകയുമരുത് (എന്നും പ്രസ്താവിച്ചിരിക്കുന്നു) പ്രസ്തുത വിശദീരണ പ്രകാരം അല്ലാഹു(ത) കർബലയുടെ മഹത്വം ഉയർത്തുകയും കഅ്ബയുടെ മഹത്വം താഴ്ത്തുകയും ചെയ്തിരിക്കുന്നു അല്ലാഹു കാക്കട്ടെ!

## മുത്അയെ സംബന്ധിച്ച് ശിയാക്കളുടെ വിശ്വാസങ്ങൾ

മുത്അ എന്താണെന്ന് ആദ്യമായി വിവരിക്കുകയാണ്. ഒരു പുരുഷനും സ്ത്രീയും തമ്മിൽ താത്ക്കാലിക ലൈഗിക ബന്ധത്തിനായി നടത്തുന്ന പരസ്പര ഉടമ്പടിയാണത്.

അവന്റെ ലൈഗിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി,ഒരു പുരുഷൻ ഒരു സ്ത്രീയെ സമീപിക്കുന്നു. അവൾക്ക് ഒരു തുക വാഗ്ദാനം ചെയ്യുന്നു. അല്ലെങ്കിൽ ഗോതമ്പ്, ഈന്തപ്പഴം വാഗ്ദാനം ചെയ്യുന്നു. എന്നിട്ട് അതിനായി ഒരു സമയ പരിധി നിശ്ചയിക്കുന്നു. ഒരു ദിവസം അല്ലെങ്കിൽ രണ്ടു ദിവസം, ഉടമ്പടി അനുസരിച്ച് അവർ ഒരുമിച്ചു ജീവിക്കുന്നു.

അപ്പോൾ മുത്ആയിൽ രണ്ടു കാര്യങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു. സമയപരിധിയും, പ്രതിഫലവും!

അറബികൾക്കിടയിൽ ജാഹിലിയ്യാ കാലഘട്ടത്തിൽ നിലനിന്ന ഒരാചാരമാണ് മുത്അ: മദ്യാപനാസ്വാദനം പെട്ടെന്ന് നിർത്തുവാൻ സാധിക്കാത്തതുപോലെ, മുത്അ : വിഷയവും ചർച്ചാവിഷയമാക്കേണ്ട കാര്യമാണ്. ജാഹിലിയ്യാ കാലഘട്ടത്തിലുണ്ടായിരുന്ന ഒരാചാരം ഇസ്ലാമിക കാലഘട്ടത്തിൽ പെട്ടെന്നൊരു സ്ഥിതി മാറ്റം ഉണ്ടാക്കുക എന്നത് പ്രയാസകരമായ കാര്യം തന്നെ ആയിരുന്നു. അറബികളിലുണ്ടായിരുന്ന മുത്അ സമ്പ്രദായം ഇസ്ലാമിന്റെ വരവോടെ കുറെശ്ശെയായി ഇല്ലാതാക്കുകയാണ് ചെയ്തത്. മുത്അ സമ്പ്രദായം തുടർന്നു കൊണ്ടിരുന്നു, വിശിഷ്യായുദ്ധ സമയങ്ങളിൽ, ഒരു പുരുഷൻ ഒരു സ്ത്രീയെ സമീപിക്കുകയും പരസ്പര സമ്മതത്തോടെ സമയപരിധി നിശ്ചയിച്ച്, പാരിതോഷികങ്ങൾ പണമായും സമ്മാനമായും നല്കി, അവന്റെ ലൈഗികാവശ്യങ്ങൾ നിറവേറ്റിക്കൊണ്ടിരുന്നു. ഈ രീതിയിൽ ഇസ്ലാമിന്റെ മുത്അ: ഒരു താത്ക്കാലിക വിവാഹമായി പരിണമിച്ചു. പിന്നീട് പൂർണ്ണമായും അസാധുവാക്കുകയും, ഇല്ലാതാക്കുകയും ചെയ്തു. പരിശുദ്ധപ്രവാചകൻ മുഹമ്മദ്(സ) ന് ഇത് (മുത്അ) നിർത്തലാക്കുന്നതിനുള്ള ദൈവീക നിർദ്ദേശം ലഭിച്ചതിനെ തുടർന്ന്, അതിനെ തള്ളിപറയുകയും, ഈ ആചാരത്തെ സമ്പൂർണ്ണമായും നിർത്തൽ ചെയ്യുകയും ചെയ്തു. (ബുഖാരി, മുസ്ലിം)

മുത്അയെ സംബന്ധിച്ച് ശിയാക്കൾ എന്തു പറയുന്നു എന്ന് നോക്കാം. അവരുടെ അഭിപ്രായ പ്രകാരം ഈ അനുഷ്ഠാനം അനുവദിനീയമാണ്. അവരതിന് നല്ലനിലയിൽ ശുപാർശ ചെയ്യുകയും ചെയ്യുന്നു. മൻഹാജു സ്സാദിഖിൻ എന്ന ഗ്രന്ഥത്തിൽ കെട്ടിച്ചമയ്ക്കപ്പെട്ട ഒരു പ്രവാചകവചന ത്തിൽ ഇപ്രകാരം കാണാവുന്നതാണ്. ഇസ്ലാമിന്റെ പ്രവാചകൻ(സ) പറ ഞ്ഞു. ആരാണോ ഒരു പ്രാവശ്യം മുത്അ ചെയ്യുന്നത് അവൻ ഇമാം ഹുസൈന്റെ സ്ഥാനത്തെത്തിച്ചേരുന്നതാണ്. രണ്ട് പ്രാവശ്യം മുത്അ ചെയ്യുന്നവർ ഇമാം ഹസ്സന്റെ സ്ഥാനത്തെത്തിചേരുന്നതാണ്. എന്നാൽ മൂന്ന് പ്രാവശ്യം മുത്അ: ചെയ്യുന്നവൻ ഇമാം അലിയുടെ സ്ഥാനത്തെിച്ചേ രുന്നതാണ്.

നാലുപ്രാവശ്യം മുത്അ ചെയ്യുന്നവർ എന്റെ സ്ഥാനം കരസ്ഥമാക്കി യവനു തുല്യമാകുന്നതുമാണ്. ഇത് സമ്പൂർണ്ണമായും കളവാണ്. പ്രവാച കൻ(സ) ഇപ്രകാരം ഒരിക്കലും പറഞ്ഞിട്ടില്ല.

മറ്റൊരു പ്രവാചക വചനത്തിൽ അല്ലാമ:മജ്ലിസി ഉദ്ധരിക്കുന്നു. അദ്ദേ ഹത്തിന്റെ അഭിപ്രായപ്രകാരം, അല്ലാഹുവിന്റെ പ്രവാചകൻ പറഞ്ഞിരി ക്കുന്നു. (ഇതു തികച്ചും കളവുതന്നെയാണ്) ജീവിതത്തിൽ ഒരിക്കൽ ഒരു വൻ ഒരു പ്രാവശ്യം മുത്അ ചെയ്താൽ അവൻ സ്വർഗ്ഗവാസികളിൽ നിന്നു ള്ളവനാണ്. ഒരു പുരുഷൻ അവന് മുത്അ ചെയ്യുവാനുള്ള ഉദ്ദേശമുണ്ടാകു കയും, അപ്രകാരം മുത്അ ചെയ്യുവാൻ സ്ത്രീ തയ്യാറുമാണെങ്കിൽ, അങ്ങനെ അവർ ഇരുവരും കണ്ടുമുട്ടിയാൽ, ഒരു മാലാഖ താഴേയ്ക്കുവ രികയും, അവൻ പ്രസ്തുത വീട്ടിൽ നിന്ന് പുറത്തു വരുന്നതുന്നതുവരെ, അവരിരുവർക്കും സംരക്ഷണം നല്കുകയും ചെയ്യുന്നതാണ്. അവരിരുവരും നടത്തുന്ന സംഭാഷണം തസ്ബീഹ് ചൊല്ലുന്നതുപോലെയാണ്. അവരി രുവരുടെയും കരങ്ങൾ ചേരുമ്പോൾ, അവരുടെ വിരലുകളാൽ അവരുടെ പാപങ്ങൾ അകറ്റപ്പെടുന്നു. അവർ പരസ്പരം ആലിംഗനം ചെയ്യുമ്പോൾ, ഓരോ ചുംബനത്തിനും അല്ലാഹു(ത) ഹജ്ജും ഉംറയും ചെയ്ത കൂലി നല്കുന്നതാണ്. ലൈഗിക വൃത്തിയിൽ അവർ ആവേശത്തോടെ ബന്ധ പ്പെടുമ്പോൾ, ഓരോഭോഗേച്ഛയ്ക്കും പർവ്വത സമാനമായ പ്രതിഫലം അല്ലാഹു അവർക്ക് നല്കുന്നതാണ്. അവരുടെ ലൈഗികതൃഷ്ണ കെട്ടട ങ്ങിയ ശേഷം കുളികഴിയുമ്പോൾ, അവരുടെ ദൈവം അല്ലാഹു ആകുന്നു എന്ന് വിശ്വസിക്കുകയും അറിയുകയും ചെയ്യുമ്പോൾ, മുത്അ: ചെയ്യുന്നത് അംഗീകരിക്കപ്പെട്ട സുന്നത്താണ് എന്ന് കരുതുമ്പോൾ, അപ്പോൾ അല്ലാഹു മാലാഖമാരോട് പറയും എന്റെ രണ്ട് ആളുകളെ നോക്കു! അവർ കുളി

ക്കാൻ നില്ക്കുകയാണ്. ഞാനാണ് അവരുടെ ദൈവം എന്നുള്ള വിശ്വാസത്തിലാണവർ; നിങ്ങൾ സാക്ഷികളാകു! ഞാനവരുടെ എല്ലാ പാപങ്ങളും പൊറുത്തുകൊടുത്തിരിക്കുന്നു. അവരുടെ ശരീരത്തിലെ ഓരോ രോമത്തിൽ നിന്നും ഉതിർന്നു വീഴുന്ന ഓരോ തുള്ളി ജലവും അവർക്ക് പത്തുവീതം പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. അവർ പത്ത് ഉന്നദപദവികളിലേക്ക് കടന്നുപോകുന്നതാണ്. അങ്ങനെ കാര്യം കഴിഞ്ഞശേഷം, കുളിയും കഴിയുമ്പോൾ, ഓരോ തുള്ളി ജലത്തിൽ നിന്നും അല്ലാഹുവിന് തസ്ബീഹ് ചൊല്ലുന്ന മലക്കുകളെ സൃഷ്ടിക്കുന്നതാണ്. പ്രസ്തുത മലക്കുകൾ ചൊല്ലുന്ന തസ്ബീഹിന്റെ പ്രതിഫലം പ്രതിഫലദിനം വരെ അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്നതാണ്.

അല്ലാമ: മജ്ലിസി മറ്റൊരു കളവായ പ്രവാചകവചനത്തിൽ ഉദ്ധരിക്കുന്നു. അതായത് പ്രവാചകൻ(സ) പറഞ്ഞിരിക്കുന്നു. (അയാൾക്ക് അത് കിട്ടിയത് എവിടെ നിന്നാണെന്ന് ദൈവത്തിന്നറിയാം) വിശ്വാസികളായ സ്ത്രീകളുമായുള്ള മുത്അ: കഅ്ബയിലേക്ക് 70 പ്രാവശ്യം യാത്രചെയ്തതുപോലെയാണ്. മറ്റൊരു സ്ഥലത്തു പറയുന്നു. അല്ലാമാമജ്ലിസിയുടെ അഭിപ്രായത്തിൽ പ്രവാചകൻ(സ) പറഞ്ഞു. ഏതൊരുവൻ ഈ നന്മയായ പ്രവർത്തി (മുത്അ) ചെയ്യുന്നുവോ ദൈവം അവനെ അനേകം പ്രാവശ്യം പദവിയിൽ ഉയർത്തുന്നതാണ്. ഇത്തരം ആളുകൾ നൂൽപാലം മിന്നൽ വേഗത്തിൽ കടന്നുപോകുന്നതാണ്. 70നിര മാലാഖമാർ അവരെ അകമ്പടി സേവിക്കുന്നതാണ്. അവരെ കാണുന്നവർ അത്ഭുതപ്പെടുത്തുന്നതാണ് അവർ മാലാഖമാർ തന്നെയോ എന്നു കരുതിപോകും! ദൈവത്തോട് സാമീപ്യം നേടിയവരാണവർ! അല്ലെങ്കിൽ പ്രവാചകന്മാരോട് ചേർന്നവരാണവർ! അല്ലെങ്കിൽ ദൈവദൂതന്മാരോട് ചേർന്നവരാണവർ എന്ന് കരുതി അത്ഭുതപ്പെടുന്നതാണ്. മാലാഖമാർ അവരോട് പറയും ഇവരാണ് ദൈവദൂതന്റെ ചര്യയെ പിൻപറ്റിയവർ (മുത്അ:ചെയ്യുന്നതിലൂടെ) ഒരു കണക്കും തന്നെ ചോദിക്കാതെ അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്.

(മുത്അ)സംബന്ധിച്ചുള്ള ഈ പ്രവാചകവചനങ്ങൾ തീർത്തും കളവാണ് എന്ന് വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ശിയാക്കൾ മനഃപൂർവ്വം കെട്ടിച്ചമച്ച വചനങ്ങളാണ് അത്. ഇസ്ലാമുമായി ഈ വചനങ്ങൾക്ക് യാതൊരുബന്ധവുമില്ല(ഇസ്ലാമിൽ നിന്ന് ഉത്ഭവിച്ചതുമല്ല)

സഹീഹുൽ ബുഖാരിയും സഹീഹുൽ മുസ്ലിം എത്രമാത്രം ആധികാരികമായതാണ് എന്ന് നമുക്കെല്ലാം അറിയാവുന്നതാണ്. ഖുർആൻ കഴിഞ്ഞാൽ ഇവയ്ക്ക രണ്ടുമാണ് സ്ഥാനമുള്ളത്. എന്നാൽ ശിയാക്കൾ ഈ രണ്ട്

ഹദീസ് ഗ്രന്ഥങ്ങളെയും നിരസിക്കുന്നവരാണ്. അവർക്ക് അതിനോട് യാതൊരു വിധേയത്വവുമില്ല. ഈ രണ്ട് ഇമാമീങ്ങളെയും അവർ വിശ്വസിക്കുന്നില്ല അതായത് ഇമാം ബുഖാരിയേയും ഇമാം മുസ്ലിംമിനേയും!

ഈ വിഷയം ഇന്ന് ഞാനിവിടെ ഉപസംഹരിക്കുകയാണ് ശിയാക്കൾ നബിയുടെ മേൽ ചാർത്തിയിരിക്കുന്ന ഈ ആരോപണങ്ങൾ വളരെ ഗൗരവതരമാകുന്നു. ശിയാ വിഭാഗത്തിലെ കർമ്മശാസ്ത്ര വിശാരദന്മാർ, കെട്ടിച്ചമച്ചുണ്ടാക്കിയ ഹദീസുകൾ കളവുകളാണ് അതെ! അത് പൂർണ്ണമായും കളവുതന്നെയാണ്. അല്ലാഹുവിന്റെ പ്രവാചകൻ(സ) ഒരിക്കലും ഇത്തരം വിഡ്ഢിത്തരങ്ങൾ പറയുന്ന ആളുമല്ല.

അല്ലാഹുവിന്റെ ദൂതൻ(സ) അദ്ദേഹത്തിന്റെ പേരിൽ കള്ളം കെട്ടിയുണ്ടാക്കുന്നവർക്ക് മുന്നറിയിപ്പ് നല്കിയിട്ടുണ്ട്. ഹസ്രത് അലി(റ) വിവരിക്കുന്നു. പ്രവാചകൻ(സ) പറഞ്ഞു. എന്റെ മേൽ കള്ളം പറയരുത്, എന്റെ മേൽ ആരാണോ കള്ളം മനഃപൂർവ്വം കെട്ടിപറയുന്നത്, അവൻ നരകാഗ്നിയിൽ തീർച്ചയായും പതിക്കുന്നതാണ് (ബുഖാരി)

സലാമ: വിവരിക്കുന്നു. അതായത് പ്രവാചകൻ(സ) പറഞ്ഞു. ഞാൻ പറയാത്ത ഒരു കാര്യം മനഃപൂർവ്വം കെട്ടിച്ചമച്ച് എന്റെ മേൽ പറയുന്നവൻ, നരകത്തിൽ ഒരിരുപ്പടം സ്വായത്തമാക്കി കൊള്ളട്ടെ.

ഇത്തരത്തിലുള്ള കള്ളങ്ങളിൽ നിന്നും തെറ്റായ ചര്യകളിൽ നിന്നും അല്ലാഹു(ത) നമ്മെ ഓരോരുത്തരെയും കാത്തുരക്ഷിക്കട്ടെ! എല്ലാ സമയവും അവൻ നമ്മെ നേർപാതയിൽ സംരക്ഷിക്കുകയും, നടത്തുകയും ചെയ്യട്ടെ! ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനത്തെ, അതെ, അവയെ വിശദീകരിക്കുവാനുള്ള ധൈര്യവും അവൻ നല്കട്ടെ ഇൻശാ അല്ലാഹ്! ആമീൻ

**Translated & Issued By :**
**R. Jamaludin Raother**
**Amir - Jamaat Ul Sahih Al Islam**
**South Zone - Kerala, India**
**Ph : 9447001832, 6238065545**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**
**Blog : www.sahih-al-islam.blogspot.in**